പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 620 — 11.07.2012 -ൽ മറുപടിയ്ക്ക്

ചെക്ക് പോസ്റ്റുകളുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകൾ എല്ലാം തന്നെ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അമരവിളയിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. അമരവിള, വാളയാർ, മുത്തങ്ങ, ആര്യങ്കാവ് തുടങ്ങിയ ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ റവന്യൂവകുപ്പ് നടത്തി വരുന്നു. ബംഗ്രമഞ്ചേശ്വരം ചെക്ക് പോസ്റ്റിന്റെ നവീകരണത്തിനു വേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ബംഗ്രമഞ്ചേശ്വരത്ത് ആധുനിക സംവിധാനങ്ങളോടു കൂടിയ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും ബി.എസ്.എൻ.എൽ. മുഖേന തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നതിനനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് പദ്ധതി പൂർത്തീകരിക്കുന്നതാണ്. അമരവിളയിൽ സ്ഥാപിച്ചിട്ടുള്ളതു |

(..........2)

| | | | |
|---|---|---|---|
| | | | പോലെ സി.സി.ടി.വി. സംവിധാനം മറ്റു പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. സംസ്ഥാനത്തെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളെല്ലാം കമ്പ്യൂട്ടർവത്കരിക്കുകയും ഇ-ഡിക്ലറേഷൻ, എസ്.എം.എസ്. അലർട്ട് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിലെല്ലാം വെയ്ബ്രിഡ്ജുകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ചെക്ക് പോസ്റ്റുകളിൽ ക്യാമറ സ്ഥാപിക്കുവാനുള്ള നടപടികളിൽ എന്തെല്ലാം പുരോഗതി കൈവരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) & (സി) | സി.സി.ടി.വി. സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ അമരവിള ചെക്ക് പോസ്റ്റിൽ സ്ഥാപിച്ചിട്ടുണ്ട്. വാളയാർ, കോഴിപ്പാറ, നടുപ്പുണ്ണി, ഗോപാലപുരം, മീനാക്ഷിപുരം, ഗോവിന്ദപുരം, മഞ്ചേശ്വരം, കുമിളി, മുത്തങ്ങ, ആര്യങ്കാവ് തുടങ്ങിയ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിനായി വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ നൽകിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് ടെക്നിക്കൽ കമ്മിറ്റി സി.സി.ടി.വി. സംവിധാനത്തിന്റെ ഡെമോൺസ്ട്രേഷൻ കാണുകയും അനുയോജ്യമായ സംവിധാനത്തിന്റെ സ്പെസിഫിക്കേഷൻ തിട്ടപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വാണിജ്യ നികുതി കമ്മീഷണറിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | | |

സെക്ഷൻ ഓഫീസർ